# മഴവില്ല്

## ജി. എച്ച്. എസ്. എസ്. പെരുങ്കുളം



2019-20

# ആമുഖം

പെരുങ്കുളം ഗവ. ഹൈസ്‌ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് മഴവില്ല്. മലയാളം കമ്പ്യൂട്ടിംഗ് മൊഡ്യൂളിന്റെ ഭാഗമായി രൂപം കൊണ്ട ഈ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു



# ഗ്രാമചരിത്രം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ കുളക്കട, മൈലം പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഒരു ഗ്രാമമാണ് പെരുംകുളം. നെടുങ്കേണി എന്നാണ് പെരുംകുളം എന്ന വാക്കിൻറെ അർത്ഥം. നെടുങ്കേണി എന്നാൽ ജലസമ്പർക്കം ധാരാളം ഉള്ള സ്ഥലം.തൊട്ടടുത്തുകിടക്കുന്ന പൂവറ്റൂർ, പ്ലാമൂട് എന്നീ പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന സ്ഥലമാണ് പെരുംകുളം. എന്നാൽ വയൽ പ്രദേശങ്ങൾ ധാരാളം ഉണ്ട്. സ്ഥലത്തിന്റെ വിവിധ ഭാഗങ്ങളിലായി മുപ്പതോളം കുളങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. കുളങ്ങൾ പെരുകിയ നാട് എന്ന അർത്ഥത്തിലായിരിക്കണം പെരുംകുളംഎന്ന സ്ഥലപ്പേര് രൂപം കൊണ്ടത്.

## കടം കഥകൾ

**കടംകഥകൾ കേൾക്കാത്തവർ വിരളം. ഇത്തരം കടംകഥകൾ കേൾക്കുമ്പോൾ മറുപടി അറിയാമെങ്കിൽ ഉടനെ പറഞ്ഞ് ചോദ്യകർത്താവിനെ അത്ഭുതപ്പെടുത്താം. പെട്ടെന്ന് ഉത്തരം കണ്ടെത്താൻ കഴിയാത്തതും ഗൂഢമായ അർത്ഥം ഉള്ളതുമായ ചെറിയ ചോദ്യങ്ങളാണ് കടങ്കഥകൾ. (ഇംഗ്ലീഷ്: Riddle). അല്പം ചിന്തിക്കാതെ സൂക്ഷ്മാർത്ഥം ഗ്രഹിക്കാൻ സാധ്യമല്ലാത്ത ചോദ്യങ്ങളോ ഉത്തരങ്ങളോ ആയ ഇത്തരം കടങ്കഥകൾ ലോകത്തിലെല്ലായിടത്തും പ്രചാരമുണ്ട്. കടങ്കഥകൾ ഒരുസാഹിത്യ വിനോദം കൂടിയാണ്.**

- കുത്തിയാൽ മുളക്കില്ല വേലിയിൽ പടരും

  (ചിതൽ)

- കൈകൊണ്ടു വിതച്ച് വിത്തുകൾ കണ്ണുകൊണ്ടു പൊറുക്കിയെടുക്കു

  (അക്ഷരങ്ങൾ)

- കൈപ്പടം പോലെ ഇല, വിരലുപോലെ കായ

  (വെണ്ട)



- കൊമ്പിൻമേൽ തുളയുള്ള കാള

  (കിണ്ടി)

- ചുണ്ടില്ലെങ്കിലും ചിരിക്കും കരയും അട്ടഹസിക്കും

  (മേഘം)

- തടിയിൽ വെട്ടി ഇടയ്ക്ക് കെട്ടി തലയിൽ ചവുട്ടി

  (നെല്ല് കൊയ്ത് മെതിക്കുക)

- തോലില്ലാ, കുരുവില്ല, പഴം - തൊട്ടാൽ കൈ നക്കിക്കും പഴം

  (തീക്കനൽ)

- നീണ്ടു നീണ്ടു മാനം നോക്കി പോകുന്ന പച്ചക്കുപ്പായക്കാരൻ

  (മുള)

- പഞ്ചപാണ്ഡവൻമാരഞ്ചുപേർക്കും കൂടി ഒരു മുറ്റമേയുള്ളൂ
  (കൈപ്പടം)

- പകലെല്ലാം മിന്നിമിന്നി രാത്രി ഇരുട്ടറയിൽ
  ( കണ്ണ്)

- പച്ചപലക കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ
  (പപ്പായ)

- പിടിച്ചാൽ ഒരു പിടി അരിഞ്ഞാൽ ഒരു മുറം
  (ചീര)

- പോകുമ്പോൾ പൊൺമണി വരുമ്പോൾ വെള്ളിമണി
  (നെല്ല് മലരാക്കുക)

- ഉറിയരിവെച്ചു, കുറുകരെ വെന്തു ഉള്ളരി വാങ്ങി ഭഗവാനുണ്ടു എന്നിട്ടും കിടക്കുന്നു ഒരു ചെമ്പു ചോറ്
  (ചുണ്ണാമ്പ്)

- ഈച്ചതൊടാത്തൊരിറച്ചിക്കഷ്ണം തൊട്ടാൽ നക്കുമൊരിറച്ചിക്കഷ്ണം
  (തീക്കനൽ)